**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 849** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഗോത്രസാരഥി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഗോത്രസാരഥി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികവർഗ്ഗ ഊരുകൾ, ദുർഘട വനപ്രദേശം, മതിയായ വാഹന സൗകര്യമില്ലാത്തതും ഒറ്റപ്പെട്ടതുമായ ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുകയും തിരികെ വീട്ടിലെത്തിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. സ്കൂൾ പി.ടി.എയുടെയും, സ്കൂൾ അധ്യാപകരുടെയും സഹകരണത്തോടെ ഇതിനായി വാഹന സൗകര്യമൊരുക്കുന്നു.<br><br>ഈ പദ്ധതിയിൽ ഉൾപ്പെടുന്ന സ്കൂളുകൾ തെരെഞ്ഞെടുക്കുന്നതിലും നടത്തിപ്പിലും പ്രധാന പങ്ക് വഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആണ് പദ്ധതി നടത്തിപ്പിനായി ത്രിതല പഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ടി.എസ്.പിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കാൻ അനുമതി നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചു എന്നും നാളിതുവരെ എത്ര രൂപ ഇതിനായി ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതിയുടെ പ്രയോജനം 26,493 വിദ്യാർത്ഥികൾക്ക് ലഭിക്കുകയും നാളിതുവരെ 3,19,18,194/- രൂപ ഇതിനായി ചെലവഴിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ